

FRIENDSOFTIBET.ORG/WELLBEING
སངས་རྒྱས་སྨན་བླ
भैषज्यगुरु 藥師佛
薬師仏 약사불
ഔഷധ ബുദ്ധ | മദ്ധ്യ തിബത്ത്
പതിനാലാം നൂറ്റാണ്ട്



"തിബത്തിലേക്കുള്ള പാത" (ചിത്രം: നിക്കോളായ് റോറിച്, 1925)


# തിബത്തൻ വൈദ്യശാസ്ത്രം (സൊവ റിഗ്പ)

നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള സമഗ്ര വൈദ്യ-ശാസ്ത്രമാണിത്. ശാസ്ത്രീയമായ നാഡിപരിശോധനയിലൂടെ വ്യക്തിയുടെ ആന്തരിക ഊർജ്ജ-ചൈതന്യ പ്രവാഹ പഠനങ്ങൾ, മൂത്രവിശകലനം, തുറന്ന രോഗി-വൈദ്യ സംവദനം, അനുകമ്പാത്മക വൈദ്യസമീപനങ്ങൾ, ഭക്ഷണ-ജീവിതക്രമങ്ങളെ മനസ്സിലാക്കൽ എന്നിവയിലൂടെയാണ് രോഗനിർണ്ണയം നടത്തുന്നത്. ഹിമാലയസാനുക്കളിലെ ഔഷധ-സസ്യ സത്തുക്കളും, ധാതുലവണങ്ങളും ചേർത്തുണ്ടാക്കുന്നവയാണ് മരുന്നുകൾ. സമ്യക്കായ ഭക്ഷണ-ജീവിതക്രമങ്ങൾക്കും മാനസികാരോഗ്യത്തിനും നിർണ്ണായക പ്രാധാന്യം നൽകുന്നു. ആയുർവേദം, ഗ്രീക്ക്, യുനാനി, ചൈനീസ്, വൈദ്യശാസ്ത്രങ്ങളുടെയും തദ്ദേശിയ തിബത്തൻ ചികിത്സാരീതികളുടെയും സമുചിത സംയോജനമാണിത്. തിബത്ത്,  ഇന്ത്യ, ഭൂട്ടാൻ, റഷ്യ, ചീന, മംഗോളിയ എന്നീ രാജ്യങ്ങളിലും ഇപ്പോൾ യൂറോപ്യൻ, വടക്കെ അമേരിക്കൻ രാജ്യങ്ങളിലും പ്രചാരത്തിലുണ്ട്. ബുദ്ധതത്വങ്ങളേയും ശാസ്ത്രങ്ങളേയും ആധാരമാക്കി.

ചിട്ടപ്പെടുത്തിയിട്ടുള്ളതാകുന്നു. മനസ്സിന്റെ ത്രിദോഷങ്ങളായ  അജ്ഞത, ആസക്തി, വെറുപ്പ് എന്നിവ മനോ-ശാരീരിക രോഗങ്ങളുടെ മൂലകാരണങ്ങളാണ് എന്ന ബൗദ്ധശാസ്ത്ര സത്യത്തിനു ഊന്നൽ നൽകുന്നു. ആയതിനാൽ മനസ്സും ശരീരവും ആന്തരിക ചൈതന്യവും/ആത്മാവും വ്യക്തിയുടെ രോഗമുക്തിക്ക് പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു. വിശ്വത്തിലെ സകലതും നിരന്തരമായി ചലിച്ചുകൊണ്ടിരിക്കുന്നുവെന്ന ശാശ്വത ശാസ്ത്ര സത്യം ശ്രീബുദ്ധൻ 2500 വർഷങ്ങൾക്കു മുമ്പ് ലോകർക്ക് വെളിവാക്കി. പ്രപഞ്ചമാകെ സംഭവിക്കുന്ന അസ്ഥിരതയാണ് ഈ ചലനത്തിനു കാരണം. ശ്രീബുദ്ധന്റെ ഒരു മുഖ്യ പ്രബോധനം വിശ്വത്തിൽ സ്ഥിരമായത് അസ്ഥിരത മാത്രമാണെന്നാണ്. അപ്പോൾ അസ്ഥിരത ലോകജീവിതത്തിൽ ഒരു യാഥാർഥ്യമാകുന്നു. അതിനാൽ എല്ലാം തന്നെ ക്ഷണികവുമാകുന്നു. ഈ അസ്ഥിരതയും ക്ഷണികതയുമാണ് സമസ്ത ജീവജാലങ്ങൾക്കും തങ്ങളുടെ ജീവിതകാലഘട്ടത്തിൽ എപ്പോഴെങ്കിലുമായി കഷ്ടങ്ങളും ക്ലേശങ്ങളും ഉളവാക്കുന്നതും. സമ്യക്കായ അറിവുകളും ശാസ്ത്രങ്ങളും അവയുടെ സമുചിത പ്രയോഗങ്ങളും ധമ്മ പരിശീലനങ്ങളും ഭക്ഷണ-ജീവിതക്രമീകരണങ്ങളും ചൈതന്യ ഉദ് ഗതി ചര്യകളും ഔഷധങ്ങളും ഈ അസുഖങ്ങളിലും അസാസ്ഥ്യങ്ങളിലും ക്ലേശങ്ങളിലും നിന്ന് മുക്തി നേടുവാൻ വ്യക്തിയെ സഹായിക്കുന്നു.

## തിബത്തൻ ചരിത്രത്തിലെ അന്ധകാരയുഗം

നിക്ഷിപ്ത താല്പര്യങ്ങളോടെ 1949ൽ തിബത്തിനെ കിഴക്ക് നിന്നും ചീന ആക്രമിക്കയുണ്ടായി. 1959 മാർച് 10ന് ചീന തിബത്തൻ തലസ്ഥാനമായ ലാസയിലെ ഒരു സമാധാനപരമായ പ്രക്ഷോഭം പീരങ്കികളും തോക്കുകളും മറ്റും ഉപയോഗിച്ച് ക്രൂരമായി അടിച്ചമർത്തി. തിബത്തൻ ആചാര്യനായ പതിനാലാം ദലൈലാമയും പിന്നീട്



ചീനയുടെ അധിനിവേശത്തിനു മുൻപ് ചഗ്പോരി മല മുകളിൽ നിലനിന്നിരുന്ന മെൻ-സെ-ഖാംഗ് (1938)

പതിനായിരക്കണക്കിന് തിബത്ത് നിവാസികളും ഇന്ത്യയിലേക്ക് പലായനം ചെയ്യേണ്ടി വന്നു. 1966-76 വരെ പത്ത് വർഷം  നീണ്ടു നിന്ന ചീനയുടെ 'സാംസ്കാരിക വിപ്ലവ'ത്തിൽ ആറായിരത്തിലധികം വിഹാരങ്ങളും, അവയോട് അനുബന്ധിച്ച് നിലകൊണ്ടിരുന്ന പൈതൃക-സാംസ്കാരിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, വൈദ്യ-പഠന-ഗവേഷണകേന്ദ്രങ്ങൾ, ഇവയിലൊക്കെ ശേഖരിച്ചിരുന്ന തദ്ദേശീയ വിജ്ഞാനരേഖകൾ എന്നിവയെല്ലാം ചീന നശിപ്പിച്ചു. കൂടാതെ ഖനനങ്ങളിലൂടെയും മറ്റും തിബത്തിന്റെ സവിശേഷ പ്രകൃതിയെയും സമ്പൂർണ്ണമായി ചൂഷണം ചെയ്ത് നശിപ്പിക്കുകയാണ് ചീന ഇന്നും ചെയ്തുവരുന്നത്. അധാർമ്മിക അധിനിവേശത്തിലൂടെ ഒരു ദശലക്ഷത്തിലധികം വരുന്ന തിബത്തൻ വ്യക്തികളുടെ ക്രൂരഹത്യയും ചീന നടത്തി.

## മെൻ-സെ-ഖാംഗിന്റെ പുനഃസ്ഥാപനം

തിബത്തൻ ജനതയുടെ സംസ്കാരവും വ്യക്തിത്വവും ഇല്ലാതാക്കുവാൻ ഇന്നും ചീനയുടെ സർക്കാർ എല്ലാ കുതന്ത്രങ്ങളും പ്രയോഗിച്ചു കൊണ്ടിരിക്കുന്നു. ഈ വിഷമപ്രതിസന്ധികളെ അതിജീവിക്കുവാനും തിബത്തൻ ജനതയെ ശക്തിപ്പെടുത്തുവാനുമായും പ്രവാസത്തിൽ ഇന്ത്യയിൽ കഴിയുന്ന പതിനാലാം  ദലൈലാമ തിബത്തൻ കേന്ദ്രങ്ങളും, വിഹാരങ്ങളും വിദ്യാലയങ്ങളും ഇന്ത്യയിൽ പുനഃസ്ഥാപിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടതാണ് 1961ൽ ഹിമാചൽ പ്രദേശിലെ ധർമ്മശാലയിൽ സ്ഥാപിക്കപ്പെട്ട തിബത്തൻ ചികിത്സാ-ജ്യോതിഷകേന്ദ്രമായ മെൻ-സെ-ഖാംഗ്. നൂതന വൈദ്യവിധികൾക്കായി ആഗോള ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തിയുള്ള പഠന-ഗവേഷണങ്ങൾ, അവയുടെ പ്രസാധനം, ഔഷധവിജ്ഞാന വികസനം എന്നിങ്ങനെ വിവിധ മേഖലകളിലേക്ക് വിപുലമായി വ്യാപിപ്പിച്ചതോടൊപ്പം വിദഗ്ധരായ തിബത്തൻ വൈദ്യശാസ്ത്രജ്ഞരെ വാർത്തെടുക്കാനായി ദീർഘവർഷ-കാലയളവുകളിലുള്ള സമഗ്ര ഔഷധ-വിദ്യാഭ്യാസ-ചികിത്സാ പരിശീലനങ്ങളും ഇവിടെ നടത്തി വരുന്നു.





"തിബത്തൻ വൈദ്യ ശാസ്ത്രം എന്ന് പൊതുവെ അറിയപ്പെടുന്ന സൊവ റിഗ്പ (സൗഖ്യപ്പെടുത്തലിന്റെ ശാസ്ത്രം) ലോകത്തിലെ ഏറ്റവും പുരാതനമായവയിൽ ഒന്നായ, സജീവമായ, നന്നായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വൈദ്യശാസ്ത്ര പാരമ്പര്യമാണ്. തിബത്തിൽ നിന്നാണ് ഇതിന്റെ ഉല്പത്തി. ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, മംഗോളിയ, റഷ്യ എന്നീ രാജ്യങ്ങളിൽ സൊവ റിഗ്പ ജനപ്രീതി നേടിയ സമ്പ്രദായമാണ്. സൊവ റിഗ്പയുടെ ഭൂരിഭാഗം തത്വങ്ങളും പ്രയോഗങ്ങളും ആയുർവേദത്തിനോട് സമാനമാണ്. സൊവ റിഗ്പയിലെ ആയുർവേദ സ്വാധീനം എ.ഡി മൂന്നാം നൂറ്റാണ്ടിലാണെങ്കിലും ഏഴാം നൂറ്റാണ്ടിൽ തിബത്തിൽ ബുദ്ധതത്വസംഹിതകളുടെ ആഗമനത്തോടെ മാത്രമാണ് ജനപ്രീതി നേടിയത്. അതിന് ശേഷം ഇന്ത്യൻ വൈദ്യസാഹിത്യത്തിന്റെയും ബൗദ്ധസാഹിത്യത്തിന്റെയും കലകളുടെയും ശാസ്ത്രങ്ങളുടെയും സ്വാധീന പ്രവണതകൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെ തുടർന്നു. ശ്രീബുദ്ധന്റെയും ബുദ്ധമതത്തിന്റെയും ജന്മനാടായ ഇന്ത്യ ബൗദ്ധകലകളും സംസ്കാരവും പഠിക്കുന്ന തിബത്തൻ ഗവേഷകർ, പണ്ഡിതർ, വിദ്യാർത്ഥികൾ എന്നിവരുടെ എക്കാലത്തെയും ഇഷ്ടനാടായിരുന്നു." (ആയുഷ് മന്ത്രാലയം, ഗവണ്മെന്റ് ഓഫ് ഇന്ത്യ)

FRIENDS OF TIBET
**FOUNDATION FOR THE WELLBEING**


FRIENDS OF TIBET FOUNDATION FOR THE WELLBEING, PO BOX 16674, MUMBAI 400050
**TEL:** +91.9400354354, +91.9061354354 **EMAIL:** WELLBEING@FRIENDSOFTIBET.ORG


FRIENDSOFTIBET.ORG

WellbeingVision

Design & People | designandpeople.org